**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 65** **14-10-2026-ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. വി. മുരളീധരൻ
ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ അവലോകനത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

**മറുപടി:** അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് അവലോകന യോഗങ്ങൾ ഡയറക്ടർ തലത്തിൽ നടത്തിയിട്ടുണ്ട്.

പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ നീണ്ടുപോകുന്ന സാഹചര്യം, നിർവഹണ ഏജൻസി കളുടെ മെല്ലെപ്പോക്ക്, യഥാസമയം ഫണ്ട് അനുവദിക്കാൻ കഴിയാത്തത് മൂലമുള്ള കാലതാമസം, ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ ലഭ്യമാക്കുന്നതിലുള്ള കാലദൈർഘ്യം എന്നീ വിഷയങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

**(ബി)** 2016 ൽ ആരംഭിച്ച പ്രസ്തുത പദ്ധതി അതിന്റെ ഗുണഭോക്താക്കൾക്ക് ഗുണകരമായ രീതിയിൽ പല സ്ഥലങ്ങളിലും നടപ്പിലാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. ഓരോ നഗറുകളിലേയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹു. എം.എൽ.എ.യുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ ചേരുകയും ആയതിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ ജില്ലാതലത്തിലും ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകുന്നുണ്ട്.

പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതിനും കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതഗതിയിലാക്കുന്നതിനും പദ്ധതി വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കുകയും ഭരണാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ഏജൻസികൾക്കൊപ്പം LSGD യെയും പദ്ധതിയുടെ നിർവഹണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

**(സി)** 2016 - 2026 കാലയളവിൽ എത്ര പദ്ധതികൾക്കാണ് സംസ്ഥാനത്ത് ഒട്ടാകെ അനുമതി നൽകിയത്; അവയിൽ എത്രയെണ്ണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2016-2026 കാലയളവിൽ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ 860 നഗറുകളെ തെരഞ്ഞെടുത്തതിൽ 546 നഗറുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ഡി)** പ്രസ്തുത പദ്ധതി ഫലപ്രദമായും പൂർണ്ണ തോതിലും നടപ്പിലാക്കുന്നതിന് വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ മോണിറ്ററിംഗ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഒരു സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ഉണ്ട്. വകുപ്പ് തലത്തിൽ ഡയറക്ടറുടെ നേതൃത്വത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു.

പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെയും ഏജൻസി പ്രതിനിധികളെയും ഉൾപ്പെടുത്തി ഡയറക്ടർ തലത്തിൽ പ്രതിമാസ റിവ്യൂ മീറ്റിംഗ് നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്.

ബഹു. വകുപ്പ് മന്ത്രി ജില്ലാതലത്തിൽ നടത്തുന്ന പദ്ധതി അവലോകന യോഗങ്ങളിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നു.

കൂടാതെ പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിലും മേഖലാതലത്തിലും ജില്ലാതലത്തിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**